The third point that I want to stress before the Government is about procurement. In the matter of procurement, there is probably very little further which we are in a position to do, but still we can make some further headway. Last year when I was the Minister in charge of Food, I made a rather herculean effort to increase procurement in the State and I am glad that it was successful to a very large extent on account of the co-operation which the Food Department and the Food Department officials gave to me. I can congratulate the Hon'ble Minister for Food for having a very efficient department to help him in the matter of procurement and in the matter of food distribution. How can we further step up procurement? Last year it was one of the achievements of my administration to bring Devaswams under the control of the Food Department, to procure Devaswam paddy direct by the Food Department and to control expenditure in Devaswams. I do not say that it was a completely successful attempt. There are still further economics which can be effected in Devaswams which if the Hon'ble Food Minister and the Prime Minister who is in charge of Devaswams put their heads together can effectively accomplish. So also Sir, there is a large cry to reduce the ration which is allowed to agriculturists now. When we were having an 8 ounces and 12 ounces ration, the 16 ounces ration allowed to landholders may have been excusable. Now when the common man in the country gets only a 4 ounce ration, it is worth while for the Food Minister to consider whether he could not,

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

on account of the emergency of the situation, reduce the ration allowed to land-holders and further step up procurement. That is another thing I have to suggest. In all these ways something can be achieved. I do not say that this is a panacea for all our difficulties. I do not say that if all these things are done we will be able to increase the ration from 4 ozs. to 8 or 12 ozs. Just as it was not my achievement, just as it was not my cleverness, the success of my individual effort, to give a 12 oz. ration or a 10 oz. ration to the people of this country in 1122, in the same way, it is not due to the inability of the Food Minister that the ration had to go down to 4 ozs. It is on account of the over-all situation over which none of us has got any control. I take this opportunity to assure the Hon'ble Minister in charge of Food and the Prime Minister of the Government that in all these things, without considerations of party, without considerations of groups, without considerations of Government and position, the co-operation, help, suggestions and criticisms which will enable you to carry on the food administration successfully will be forthcoming and I hope we will make a firm resolve to-day that like foolish, like ignorant people, like short-sighted people, we shall not make of our food, politics in the country.

Mr. President : No speech will take more than 15 minutes today. 15 minutes is the maximum time that will be allowed.

മിസ്റ്റർ പി. മാണി: ഇവിടെ ഭക്ഷണം വഷളാക്കുന്നകാര്യത്തിൽ ഇന്നത്തെ പരിതഃസ്ഥിതിയിൽ ഒന്നരണ്ടു നിസ്സാരകാര്യങ്ങളും മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിയാൽ കൊള്ളാമെന്നുണ്ട്. അതിൽ വളരെ തീർക്കുമുള്ള ഒരു കാര്യമാണ് ആദ്യമായി അദ്ദേഹത്തിന്റെ ശ്രദ്ധയിൽ പെടുത്തുവാൻ വിചാരിക്കുന്നത്. കൃഷിക്ക വിഷമം നേരിടാതിരിക്കുവാൻ വേണ്ടത്ര വെള്ളമില്ലാതെ വിഷമിച്ചുകൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ കൊച്ചി കണയന്നൂർ താലൂക്കിലെ ആമ്പല്ലൂർ പ്രദേശത്തുള്ള ആയിരം ഏക്കറോളംവരുന്ന കരിനിലം, സമയത്തിനു ബണ്ടുകളില്ലാത്തതിനാൽ ഉപ്പുവെള്ളം കയറിയും ഉണക്കംതട്ടിയും വളരെ ദോഷം തട്ടിയിട്ടുള്ള ഒരു നിലയിലായിട്ടുണ്ടെന്നു ഞാൻ അദ്ദേഹത്തെ അറിയിക്കുന്നു. ഇതിനു് ഉടനടി വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചാൽ എങ്ങിനെയെങ്കിലും കുറെയൊക്കെ രക്ഷിച്ചെടുക്കാനുള്ള കഴിവുണ്ട്. അതിനു് അദ്ദേഹം ശ്രദ്ധിക്കണമെന്നാണു് ഞാൻ പറയുന്നതു്. അദ്ദേഹം കഴിയുന്നതും വേഗം, ആ സ്ഥലം സന്ദർശിച്ചു് വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കണമെന്നു് ഞാൻ വീണ്ടും അഭ്യർത്ഥിക്കുന്നു. മറ്റൊന്നു് എനിക്കു പറയുവാനുള്ളതു് എന്റെ നേതാവു് മിസ്റ്റർ ഗോവിന്ദമേനോൻ ഇവിടെയുണ്ടാകുന്ന ഭക്ഷണസാമഗ്രികൾ നമുക്കു തികയുകയില്ല എന്നു പറഞ്ഞു എങ്കിലും കൃഷിയെ പ്രോത്സാഹിപ്പിക്കുന്നപക്ഷം കുറെയെങ്കിലും ആ സ്ഥിതിയെ ഭേദപ്പെടുത്തുവാൻ സാധിക്കുമെന്നുള്ളതാണു്. അതിനു് ഇന്നു പ്രധാനമായി നില്ക്കുന്ന ദോഷം കൃഷിക്കാരനു് വാസ്തവത്തിൽ ഭൂമിയിൽ യാതൊരു ശാശ്വതാവകാശവുമില്ലെന്നുള്ളതാണു്. ഇതിനെപ്പറ്റി അന്വേഷിക്കുവാനായി വെച്ചിട്ടുള്ള കമ്മിറ്റി, ചിറ്റൂർ താലൂക്കിൽ അന്വേഷണം നടത്തിക്കൊണ്ടിരിക്കുമ്പോൾ ചിറ്റൂരിൽ സർ സി. വി. അനന്തകൃഷ്ണയ്യരോടു് ഞങ്ങൾ ചോദിക്കുകയുണ്ടായി അവിടത്തെ ഭൂമികൾക്കു് എന്തു പാട്ടം കിട്ടുമെന്നു്. വിളവിന്റെ ന്യൂ ന്യൂ ശതമാനത്തോളം പാട്ടം കിട്ടുന്നുണ്ടെന്നു് അദ്ദേഹം പറയുകയുണ്ടായി. പാട്ടം കഴിച്ചു് ഏതാണ്ടു വിളവിന്റെ മൂന്നിലൊന്നുമാത്രം കിട്ടിവരുന്ന കഷ്ടകനല്ലെ, കൊച്ചിയിലുള്ളതു് എന്നാണു് ഞാൻ ചോദിക്കുന്നതു്! കൊച്ചിയിലെ വെമ്പാട്ടുകൃഷിയുടെ പുരാതനചരിത്രം നോക്കുന്നതായാൽ കാണാം മൂന്നിലൊന്നു് ജന്മിക്കു പാട്ടമായും, മൂന്നിലൊന്നു് കൃഷിച്ചിലവിനും, മൂന്നിലൊന്നു് കൃഷിക്കാരന്റെ ബുദ്ധിമുട്ടിനും കൊടുക്കാനുള്ള വ്യവസ്ഥയാണു് ഇവിടെ ഉണ്ടായിരുന്നതെന്നു്. ഇന്നത്തെ നില അതിന്റെ നേരെ വിപരീതമാണെന്നു് ഇന്നാട്ടിലെ ജന്മിപ്രമാണികൾപോലും സമ്മതിച്ചിരിക്കുന്നു. എന്നാൽ അവർ പറയുന്ന മൂന്നിൽ രണ്ടുഭാഗവുമല്ല ഇന്നു് അവക്കു കിട്ടിവരുന്നതെന്നാണു് ഞങ്ങൾ എടുത്തെതെളിവുകൾകൊണ്ടു കാണുന്നതു്. കഷ്കർ തന്നിട്ടുള്ള അനേകായിരം തെളിവുകളിൽനിന്നും മനസ്സിലാകുന്നതു് ഇന്നു കൊടുത്തുവരുന്ന പാട്ടം വിളവിന്റെ ന്യൂൽ ഭാഗവും അതിൽ കൂടുതലുമാണെന്നാണു്. ഈ നിലക്കു കഷ്കനു് ഭൂമിയിൽ കൂടുതൽ വിളവുണ്ടാക്കുവാനുള്ള താല്പര്യം എങ്ങിനെ ഉണ്ടാകുമെന്നാണു് ഞാൻ ചോദിക്കുന്നതു്. ഇതാണു് സർ, ഇന്നു നമ്മുടെ ഭൂമിയിൽ വിളവു ചുരുങ്ങുന്നതിനും ഇന്നാട്ടിലെ വഷളാവുവരുന്ന പട്ടിണിക്കും ഒരു പ്രധാന കാരണം. സർ, അതുകൊണ്ടു് ഞാൻ പറയുന്നു, ഈ ഗവമെന്റു് മുൻകൈയ്യെടുത്തു് ഇന്നത്തെ വഷളാച്ച പാട്ടം വിളവിന്റെ ന്യൂൽ ഒന്നായി വെട്ടിക്കുറച്ചു് കൃഷിക്കാരനെ സഹായിക്കണമെന്നു്. അങ്ങിനെ ചെയ്യുന്നതായിരുന്നാൽ ഇന്നാട്ടിലെ കഷ്കന്റെ ഉല്പാദനശക്തിവഷളാക്കുകയും കൃഷിയിൽനിന്നു് ആദായംവഷളാക്കുകയും തൻമൂലം ഇവിടത്തെ

LIBRARY ARCHIVES Kerala Legislative Assembly

ക്ഷേണക്ഷാമത്തിന്റെ കാര്യമായ ഒരു പരിഹാരം കാണുവാൻ സാധിക്കുകയും ചെയ്യുമെന്നു് ഞാൻ ഈ ഗവണ്മെണ്ടിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു. സർ, ഇന്നത്തെ വെറുപ്പാട്ടക്കുടിയാനു് ശാശ്വതാവകാശം കൊടുത്തിരിക്കുന്ന ഒരു കാലമാണു് ഇതു്. ഈ ശാശ്വതാവകാശം വെറുപ്പാട്ടക്കുടിയാനു് ഇല്ലാതിരുന്ന കാലത്തു് കാര്യമായി യാതൊരവകാശവുമില്ലെങ്കിലും, വെറുപ്പാട്ടത്തേക്കാൾ വളരെ അധികം ഗുണകരമായ ഒരവകാശമാണെന്നു കരുതിയിരുന്നു. ക ൦൯൦-നു ശേഷമുള്ള കാണങ്ങളുടേയും പണയങ്ങളുടേയും നില ഇന്നെന്താണു് എന്നും ആ വക ഭൂമി നടപ്പുകാരന്റെ സ്ഥിതി ഇന്നെന്താണെന്നും ഞാൻ ചോദിക്കുന്നു. സർ, എന്റെ മുമ്പിൽ ഇരിക്കുന്ന ഈ രേഖകൾ അടുത്ത ഏതാനും മാസങ്ങൾക്കിടയിൽ നമ്മുടെ കോടതികളിൽ പണയവസ്തുക്കൾ ഒഴിയുന്നതിനായി കൊടുത്തിട്ടുള്ള വിധിപകർപ്പുകളാണു്. ഇതു് വായിച്ചുനോക്കിയാൽ കാണാം ഒരു കൊല്ലത്തെ പാട്ടത്തോളംവരുന്ന സംഖ്യപോലും പണയാർത്ഥമില്ലാത്ത ആധാരങ്ങളാണെന്നു്. ക ൦ ൦-ം, ക ൪ ൦-ം പറനെല്ലു് പാട്ടം നിശ്ചയിച്ചു് വെറും ക ൦-ം, ക ൬-ം ക. പണയാർത്ഥം പറഞ്ഞു് എഴുതിക്കൊടുത്തിട്ടുള്ള വസ്തുക്കളാണു് ഇന്നു ഈ വിധികൾപ്രകാരം ഒഴിപ്പിക്കുന്നതു്. വെറുപ്പാട്ടവസ്തുക്കൾക്കു് സ്ഥിരാവകാശമുള്ള ഇക്കാലത്തു് ഇത്തരത്തിലുള്ള കൈവശങ്ങൾക്കു യാതൊരു സ്ഥിരതയുമില്ലെന്നു പറയുന്നതു് എത്ര വലിയ അനീതിയാണു്. സർ, ഇത്തരത്തിലുള്ള കുടിയായ്മ സമ്പ്രദായം ഇവിടെ ഉള്ളിടത്തോളംകാലം ഏതൊരു കഷ്ടകനാണു് ഭൂമിയിൽ വിളവു വർദ്ധിപ്പിക്കുവാനുള്ള താല്പര്യമുണ്ടാകുക എന്നാണു് ഞാൻ ചോദിക്കുന്നതു്. മുതലാളിക്കു വിളവു് ഉണ്ടായാൽ എന്താണു്, ഇല്ലെങ്കിൽ എന്താണു്, അവനു കിട്ടാനുള്ളതു കിട്ടണം. ഇന്നത്തെ ഈ ഭൂമിവ്യവസ്ഥയാണു് ഇന്നത്തെ പട്ടിണിക്കു പ്രധാന കാരണമെന്നു് ഞാൻ പറയുന്നു. സർ, ഈ നില മാറ്റണമെന്നു് ഞാൻ പറയുന്നു.

ഇനി മറ്റൊരു കാര്യം എനിക്കു പറയാനുള്ളതു്, ഇന്നത്തെ പ്രധാനമന്ത്രി ൯—൪. കൊല്ലങ്ങൾക്കുമുമ്പു് ഇവിടെ ക്ഷേണക്ഷാമം ഉണ്ടായപ്പോൾ കൊള്ളികൃഷിയെ വളരെ അധികം പ്രോത്സാഹിപ്പിച്ചു"—അന്നത്തെ ക്ഷേണക്ഷാമത്തിനു കുറഞ്ഞൊരു പരിഹാരമുണ്ടാക്കി എന്നുള്ള പരമാർത്ഥത്തെ ഞാൻ ഈ അവസരത്തിൽ അനുസ്മരിക്കുന്നു—പക്ഷെ അന്നത്തെ കൊള്ളികൃഷിയിൽ ഗവണ്മെണ്ടു് കൈക്കൊണ്ട ഒരു ബുദ്ധിശൂന്യമായ നയം കാരണം അതിനെ എന്നെന്നേക്കുമായി അധഃപതിച്ചുവെന്നുള്ളതാണു്. അതു മറ്റൊന്നുമല്ല കൊള്ളിക്കിഴങ്ങു പറിക്കുന്നതിനും വില്ക്കുന്നതിനുമൊക്കെ ഗവണ്മെണ്ടിന്റെ സമ്മതം വാങ്ങണമെന്ന പിന്നീടു് ഗവണ്മെണ്ടു് ഉണ്ടാക്കിയ ഒരു നിയമമാണു് അതു നശിപ്പിച്ചതു്. കൃഷിക്കാർക്കു് എത്രമാത്രം ആനുകൂല്യങ്ങൾ അനുവദിച്ചിരുന്നുവൊ, അതിലും എത്രയോ അധികം ആനുകൂല്യങ്ങൾ ഇന്നു കൊടുക്കേണ്ടതും അങ്ങിനെ ചെയ്താൽ ഇന്നു് ആ കൃഷി വളരെ വിപുലമായതോതിൽ വർദ്ധിപ്പിക്കുവാൻ സാധിക്കുന്നതുമാണു്. അതിനാൽ ആ കൃഷി അതിലും വിപുലമായതോതിൽ വർദ്ധിപ്പിക്കുവാൻ വേണ്ട ആഹ്വാനവും ആനുകൂല്യവും നല്കുവാൻ ഞാൻ അദ്ദേഹത്തോടു് അപേക്ഷിക്കുന്നു. ഇതിനുവേണ്ടി മറ്റൊരു കാര്യം ഞാൻ അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുവാൻ ആഗ്രഹിക്കുന്നു. ഈ പുതുമഴ പെയ്യുന്നതോടുകൂടി ചെയ്യേണ്ട ഒരു കൃഷിയാണു് കൊള്ളികൃഷി. അതിനു മുൻപായി ഭൂമി കിളച്ചു് പാകമാക്കിയിടണം. അതിനു വേണ്ട ആയുധസാമഗ്രികളും കഷ്ടകനു ലഭിക്കുവാൻ സൌകര്യവും ചെയ്തുകൊടുക്കണം. ഇന്നു കഷ്ടകനു് ഒരു തുമ്പക്കുള്ള ഇരുമ്പു കിട്ടാനില്ല. ഇവിടെ വലിയ വലിയ കച്ചവടക്കാരുടെ കൈവശം ആയിരമായിരം ടൺ ഇരുമ്പു് കിടക്കുന്നുണ്ടു്. വേണമെങ്കിൽ അതു് കമാണ്ടിയർചെയ്തു കഷ്ടകനു് ആവശ്യമായ ഇരുമ്പു് ആദായവിലക്കു കൊടുപ്പിക്കണം. അതുകൊണ്ടു് അവനു തുമ്പ മുതലായവ ഉണ്ടാക്കാം. ഇരുമ്പു് കിട്ടിയാൽ മതി, ആവശ്യമുള്ള ആയുധം അവൻ ഉണ്ടാക്കിക്കൊള്ളും. അതല്ലാതെ ഇന്നു സർക്കാരിൽനിന്നും ഉണ്ടാക്കി കൊടുക്കുന്ന, മണ്ണിൽ കിളച്ചാൽ വളയുന്ന, തുമ്പ അവർക്കു വേണ്ട. അതുകൊണ്ടു് ഇതെല്ലാം ചെയ്തുകൊടുത്തു് കൊള്ളികൃഷി പ്രോത്സാഹിപ്പിക്കണമെന്നു് ഞാൻ അറിയിച്ചുകൊള്ളുന്നു.

സർ, ഇനി മറ്റൊന്നു പറയാനുള്ളതു് കഷ്ടകനു വളം കൊടുക്കേണ്ട സംഗതിയെപ്പറ്റിയാണു്. അതു് ഞാൻ ഈ സഭയിൽ ഇതിനുമുമ്പു് പലപ്പോഴും വാദിച്ചിട്ടുള്ള സംഗതിയാണു്. ഇവിടെ ആവശ്യത്തിനുള്ള വളം കൊടുക്കുവാൻ നമുക്കു പുറമേനിന്നു കിട്ടുന്നില്ലെന്നുള്ള പരമാർത്ഥം ഞാൻ മറക്കുന്നില്ല. എന്നാൽ ഇവിടെ കലൂരിലുള്ള മലംഡിപ്പോവിൽ വളരെ അധികം Composite manure ഉണ്ടാക്കി കിടക്കുന്നുണ്ടു്. അതു് ഏതു തരത്തിലാണവിടെനിന്നും ഒഴിവാക്കേണ്ടതെന്നു് അറിയാതെ ഇവിടത്തെ മുൻസിപ്പാലിറ്റി വിഷമിക്കുന്നതായിട്ടാണു് എന്റെ അറിവു്. അതുകൊണ്ടു് ഞാൻ ആവശ്യപ്പെടുന്നതു്

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Mani]

Agricultural Department വക ലോറികൾവച്ച് ഈ വിശേഷപ്പെട്ട വളം നാട്ടിൻപുറങ്ങളിലുള്ള കൃഷിക്കാർക്ക് എത്തിച്ചുകൊടുക്കണമെന്നാണ്. ഇതു് കൃഷിക്ക വളരെ നല്ലതാണ്. ഇതു് ഉടൻ ചെയ്യണമെന്നുകൂടി ഞാൻ അഭ്യർത്ഥിപ്പെടുന്നു. ഞാൻ ചൂണ്ടിക്കാണിച്ച കാര്യങ്ങളിൽ ഈ ഗവണ്മെണ്ടിന്റെ ശ്രദ്ധ ഉടൻ പതിയുമെന്ന പ്രതീക്ഷിച്ചുകൊണ്ട് ഞാൻ വിരമിക്കുന്നു.

*മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: ഈ പ്രമേയത്തെപ്പറ്റി ഞാൻ സംസാരിക്കാൻ ഉദ്ദേശിക്കുന്നു. സർ, Food Debate എന്നുള്ളതു് ഇവിടെ അതർഹിക്കുന്ന ഗൌരവത്തോടുകൂടി—മുഴുവൻ ഇല്ലെങ്കിലും—അതർഹിക്കുന്ന ഗൌരവത്തോടുകൂടി ഫ ഫ ഫൻ മുതല്ലു് ഈ നിയമസഭയിൽ കൊല്ലത്തിൽ ഒരിക്കലെങ്കിലും, ചില അവസരത്തിൽ, ഒന്നിലധികം പ്രാവശ്യമെങ്കിലും, നടക്കാറുള്ളതാണ്. ഇന്നു് അതിനു് ഇടയാക്കിയ അടിയന്തിരപ്രയകത്താവിനെ ഞാൻ അഭിനന്ദിക്കുന്നു. പ്രമേയം അവതരിപ്പിച്ചുകൊണ്ടു് അദ്ദേഹം ര ഠ മിനിട്ടോളം ചെയ്ത പ്രസംഗത്തിൽ മുൻ അവസരങ്ങളിൽ ചില മാന്യ സ്നേഹിതന്മാർ ചെയ്ത പ്രസംഗങ്ങളെ വായിക്കുന്നില്ല എന്നു നടിച്ചുകൊണ്ടു് അതിലെ പ്രധാനപ്പെട്ട വാചകങ്ങളെ അദ്ദേഹത്തിന്റെ ഓർമ്മശക്തിയാൽ ഉദ്ധരിച്ചുകൊണ്ടു് ഒരു പൂർവ്വപ്രസംഗവിമർശനം നടത്തുകയാണുണ്ടായതു്. ഞാൻ ശ്രദ്ധാപൂർവ്വം കേട്ടുകൊണ്ടിരുന്നു. അതിൽ ഒരു സംഗതി എനിക്കു കിട്ടി. അതായതു് ഗോതമ്പു് അരിയോളംതന്നെ, ര ഔൺസു് വീതം വിതരണം ചെയ്യുന്ന ഈ അവസരത്തിൽ അതിന്റെ വില കൊടുത്തു് വാങ്ങുവാനുള്ള സഹായം സാധുക്കളായ കൊച്ചീക്കാർക്കു ചെയ്തുകൊടുക്കണമെന്നു്. അതല്ലാതെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഇന്നത്തെ വിഷമമേറിയ ഭക്ഷണപ്രശ്നത്തെ നേരിടാനുള്ള മാർഗ്ഗത്തെക്കുറിച്ചു് അദ്ദേഹം, മനഃപൂർവ്വമായൊ അല്ലാതെയൊ, ഒന്നുംതന്നെ പറഞ്ഞതായി ഞാൻ കേൾക്കുകയുണ്ടായില്ല. ഇതിനു് അദ്ദേഹം മറുപടി പറയുമെന്നു് എനിക്കറിയാം. അതു് ഞാൻ കേൾക്കും. പക്ഷെ കാമ്പുള്ള മറുപടി ഒന്നും ഉണ്ടായിരിക്കുകയില്ല എന്നു് ഞാൻ വിശ്വസിക്കുന്നു. ഒരുപക്ഷെ എന്റെ മാത്രയ്ക്കുറവുകൊണ്ടായിരിക്കാം. ചിലരുടെ ജല്പനങ്ങൾ കേൾക്കുന്ന അവസരത്തിൽ മാത്രയെന്ന നടിക്കുന്നതായിരിക്കും നല്ലതു്. ചുമതലാബോധത്തോടുകൂടി എന്റെ മാന്യസ്നേഹിതൻ ഇന്നത്തെ പ്രതിപക്ഷനേതാവു് ചെയ്ത പ്രസംഗത്തെ അക്ഷരംപ്രതി, ഒരു വിഷയത്തിലൊഴികെ, ഞാൻ സ്വീകരിക്കുന്നു. അങ്ങിനെ ഉള്ള ഒരു നില, അതായതുകാലത്തെ പ്രതിപക്ഷനേതാക്കന്മാരും അന്യായമായിട്ടും സ്വീകരിക്കുകയാണെന്നുവരുകിൽ, ഡെമോക്രസി പ്രവർത്തിപഥത്തിയിൽ നടത്തുന്നതിനു് ആവശ്യമായ കക്ഷിഭരണം നടത്തണമെങ്കിൽ ഇപ്പോഴും അവഹേളിച്ചുകൊണ്ടിരിക്കുന്നപോലെ ശരിയായ കക്ഷിയില്ല കൊച്ചീരാജ്യത്തു് എന്നുള്ള ആ ഒരാക്ഷേപത്തിൽനിന്നും കൊച്ചിക്കു രക്ഷ കിട്ടുന്നതാണ്. അതിന്റെ ആവിർഭാവം ഇന്നുമുതല്ലു് ഞാൻ കാണുന്നു. കൊച്ചീരാജ്യത്തു് കക്ഷിഭരണം വളരെ യോഗ്യതയോടുകൂടി നടന്നുകൊണ്ടിരിക്കുന്നു എന്നു് അഭിമാനിക്കുത്തക്കവിധം യോഗ്യതയോടുകൂടിയ കക്ഷികൾ ഉണ്ടാക്കണമെന്നുള്ള ആഗ്രഹത്തോടുകൂടി ഞാൻ അദ്ദേഹത്തിന്റെ വാക്കുകളെ സ്വീകരിക്കുന്നു. അങ്ങിനെയുള്ള ആഹ്വാനം, ഏതു ഗവണ്മെണ്ടുതന്നെ സ്ഥാനത്തു് ഇരുന്നാലും വേണ്ടില്ല അതു് സ്വീകരിക്കേണ്ടതാണു്. ഇന്നത്തെ ഗവണ്മെണ്ടു് അതു് സ്വീകരിക്കും എന്നു് എനിക്കു വിശ്വാസമുണ്ടു്. അവർ അതു് പ്രത്യക്ഷത്തിൽ പറയുമെന്നു വിശ്വസിക്കുന്നു. അദ്ദേഹം പറയുകയുണ്ടായി സ്വേച്ഛാപ്രഭുത്വത്തിനു ശ്രമിക്കുന്നതിനു് ആവശ്യമില്ല എന്നു്. അല്ലെങ്കിൽ ആ അർത്ഥം ജനിക്കത്തക്കവിധം അതിൽ വളരെ ശ്രദ്ധയുള്ളതുപോലെ തോന്നുകയുണ്ടായി. കാര്യവും എതാണ്ടു് ഞാൻ ഊഹിക്കുന്നു. അദ്ദേഹം ഭക്ഷ്യമന്ത്രിയായിരുന്ന കാലത്തു്, അതായതു് കഴിഞ്ഞ കർക്കടകമാസത്തിൽ ധനാഭ്യർത്ഥന അവതരിപ്പിച്ചപ്പോൾ ഞാൻ ഒരു ഖണ്ഡനോപക്ഷേപം കൊണ്ടുവന്ന അവസരത്തിൽ, ജലസേചനപദ്ധതിയെക്കുറിച്ചു്, ൻ വ്യ-ാം നമ്പ്രായി ഉത്തരം പറഞ്ഞ Peechi Scheme എടുത്തുകൊണ്ടു് നടപ്പിൽ വരുത്തിയില്ല എന്ന ചോദ്യത്തിനു്—, അച്ചടിച്ചു വന്നിട്ടില്ലെങ്കിലും, ടൈപ്പുചെയ്തു് വെച്ചിട്ടുള്ള പുസ്തകത്തിൽ ഞാൻ മാർക്കുചെയ്തു വെച്ചിട്ടുണ്ടു്—, അന്നു പറയുകയുണ്ടായി "Food department is a distribution and procurement agency" എന്നു്. അതല്ല, അങ്ങിനെയല്ല ഭക്ഷണപ്രശ്നത്തെ വീക്ഷിക്കേണ്ടതെന്നു് ഇന്നു് അദ്ദേഹം ചെയ്ത പ്രസംഗത്തിലെ തൊണ്ണൂറൊമ്പതുശതമാനം ഭാഗവുംകൊണ്ടു് അദ്ദേഹം സമ്മതിക്കും. തെറ്റു പറ്റാത്ത മനുഷ്യർക്കു്. എന്നാൽ പ

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

റിയ തെറ്റിനെ സമ്മതിക്കുന്നതു് മനഷ്യരിലും കവിഞ്ഞ നില എത്തിച്ചേരുക എന്നുള്ള താണു്. അതാണു് ഇന്നു ചെയ്തിട്ടുള്ളതു്. അതിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദി ക്കുന്നു. കൊച്ചിരാജ്യത്തെ അഭിനന്ദിക്കുന്നു. കറാച്ചിയിൽനിന്നു കിട്ടിയിരുന്നതും, സി ൻഡിൽനിന്നു കിട്ടേണ്ടതും, മേലിൽ കിട്ടില്ല എന്നു വന്നിരിക്കുന്നതും ആയ സാധനം ഇവി ടെ വരുത്തി, ഇവിടെ ആദായത്തിൽ നെല്ലു് വാങ്ങി, അതു് വേണ്ടപോലെ പാകംചെയ്യാ തെ ഉണ്ടാക്കുന്ന ആ സാധനത്തെ അരി എന്നു പറയുകയില്ല. ആ സാധനം, അതു രണ്ടും കൂ ട്ടിച്ചേർത്തു്, വിലക്കു മാത്രം കൂട്ടിച്ചേർത്തതിൽ ഏതാണ്ടു് average price-നു് കൃഷീവലനു വാങ്ങാൻ സാധിക്കാത്ത ഒരു വിലക്കു് വിതരണം ചെയ്യുക എന്നുള്ള നിലയിൽ വന്നാലോ, ഇവിടത്തെ ഭക്ഷണപ്രശ്നം ഏതു നിലയിൽ നേരിടണം എന്നു് അദ്ദേഹം പറയുകയുണ്ടായി.

മിസ്റ്റർ കെ. അയ്യപ്പൻ: അതു് Food department-ന്റെ കാര്യമാണു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: അല്ല, സർ, കളത്തിലുള്ളതെടുത്താൽ കാണുവാൻ സാധിക്കും. സർ, സമയമില്ലാത്തതുകൊണ്ടു് അതൊക്കെ വിട്ടുകളയുകയാണു്. സർ, നിങ്ങൾ പറഞ്ഞിട്ടുള്ള സംഗതികൾ ഞാൻ ഈ പ്രൊസീഡിംഗ്സിൽ അടയാളം വെച്ചിട്ടുള്ളതു് നി ങ്ങൾ കണ്ടുപിടിക്കണം.

കൊച്ചിരാജ്യത്തുള്ള ഭക്ഷണപദാർത്ഥങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയു ള്ള പോംവഴി ആരാഞ്ഞു പ്രവൃത്തിക്കണം. ഭക്ഷണപദാർത്ഥങ്ങൾ ഉണ്ടാക്കുവാനുതകുന്ന ഭൂമി കൾ കൃഷിചെയ്യുവാൻ പര്യാപ്തമാക്കണം. അതു ഈ രാജ്യത്തിൽ ചെയ്യുവാൻ സാധിക്കു മെന്നു് പരിപൂർണ്ണമായിട്ടു് വിശ്വസിക്കുന്നവനാണു് ഞാൻ. ആ കാര്യത്തിൽ ഇന്നത്തെ മി നിസ്റ്ററി കാര്യമായിട്ടു പ്രവൃത്തിക്കണം. അതിനുവേണ്ടി ഫുഡ് ഡിപ്പാർട്ടുമെണ്ടു്, അഗ്രി കൾച്ചറൽ ഡിപ്പാർട്ടുമെണ്ടു്, കൊ-ഓപ്പറേറ്റിവു് ഡിപ്പാർട്ടുമെണ്ടു്, പഞ്ചായത്തു ഡിപ്പാർട്ടു മെണ്ടു് എന്നിങ്ങനെയുള്ള ഓരോ ഡിപ്പാർട്ടുമെണ്ടുകളും കാര്യക്ഷമമായി പ്രവൃത്തിക്കണം. ഭക്ഷണകാര്യത്തിൽ കൊച്ചിരാജ്യത്തെ രക്ഷിക്കുവാൻ സാധിക്കുമെന്നു് ബോദ്ധ്യമുള്ള എന്റെ മാന്യ സ്നേഹിതൻ ബാലകൃഷ്ണമേനോൻ ഫുഡ് & എഡ്യുക്കേഷൻ മന്ത്രിയാണെന്നുവരികിൽ, ഇരിക്കുമോയെന്നു് ഞാൻ സംശയിക്കുന്നു, ഇരിക്കുകയാണെങ്കിൽ . . . . . .

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എന്താണു് ഇത്ര സംശയം?

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: കാര്യത്തിന്റെ ലക്ഷ്യത്തിലേക്കെത്തിക്കുവാൻ തടസ്സ മാകുന്ന കുട്ടകെട്ടുള്ള ആളുകൾ കൊച്ചിരാജ്യത്തിലുള്ളേടത്തോളം കാലം, പൊതുജനങ്ങളുടെ രക്ഷക്കാവശ്യമായ പ്രയത്നങ്ങൾ ചെയ്യുവാൻ ഭരണിയുള്ള ആളുകൾ, പ്രവൃത്തിപദ്ധതി കൾ കാണിച്ചുതന്നിട്ടപോലും, അവരെ അവിടെ ഒഴിച്ചുകൊണ്ടിരിക്കുവാൻ നന്മനസ്സില്ലാ ത്ത ആളുകൾ ഈ രാജ്യത്തുള്ളപ്പോൾ അദ്ദേഹം അവിടെയിരിക്കുമോയെന്നുള്ള കാര്യം സംശ യിക്കുകതന്നെ വേണം. അദ്ദേഹം അവിടെനിന്നു പോകും എന്നുള്ള കാര്യം തീർച്ചയാണു്. പക്ഷെ, അതു പറയുവാൻ ഞാൻ ധൈര്യപ്പെടുന്നില്ല; ഞാൻ സംശയിക്കുന്നു.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അദ്ദേഹം അതു പറയുകയില്ലെന്നു് ഇന്നലെ പറഞ്ഞു.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: കാര്യബോധമുള്ള എന്റെ സ്നേഹിതൻ പ്രതിപക്ഷ നേതാവു് പറഞ്ഞതിനെപ്പറ്റിയല്ല ഞാൻ പറഞ്ഞതു്. ഭക്ഷണപ്രശ്നത്തെപ്പറ്റിയാണു് പ റഞ്ഞതു്. ഉല്പാദനം വർദ്ധിപ്പിക്കുവാൻ വേണ്ടിയുള്ള പ്രവൃത്തിയെപ്പറ്റി പ്രകീർത്തിച്ചുകേട്ട. എന്നാൽ അതിനു വേണ്ടതായ സൌകര്യം അദ്ദേഹത്തിനു കൊടുക്കണം. അതു വേണ്ടപോ ലെ പ്രവൃത്തിക്കുവാനുള്ള കരുത്തു് അദ്ദേഹത്തിനുണ്ടു്. ഭക്ഷ്യപ്രശ്നം ശരിയായ നിലയിൽ വര ണമെങ്കിൽ ചില പ്രധാനികളുടെ തലക്കു് ആണി വെക്കുകതന്നെ വേണം. അനവധി ഭൂമി കൾ കൃഷിചെയ്യുവാൻ പരിചയമില്ലാത്ത ആളുകൾക്കു് പതിച്ചുകൊടുത്തിട്ടുണ്ടു്. അങ്ങി നെയുള്ളവരുടെ പക്കൽനിന്നും ആ ഭൂമികൾ നേരിട്ടു എടുത്തു കൃഷി ചെയ്യാവുന്ന ആളുകളെ എല്പിച്ചുകൊടുക്കണം.

പിന്നെ കൃഷി നടത്തുന്നതിനുവേണ്ട സൌകര്യങ്ങൾ ചെയ്തുകൊടുക്കണം. കൃഷിക്കു് ആവശ്യമായ വളം, കൃഷി ആയുധങ്ങൾ മുതലായവ ഭരണകൂടത്തിലിരിക്കുന്നവർ ആരായാലും ശരി അതൊക്കെ വേണ്ടപോലെ കൊടുക്കാതെ നിവൃത്തിയില്ല. ഇവിടെ കൊച്ചിൻ ഇൻ ഫർമേഷൻ എന്നു പറഞ്ഞിട്ടു ചിലതൊക്കെ എഴുതിവിട്ടുണ്ടു്. അതു് വെറും ഒരു കളി മാത്രമായിട്ടെ ഞാൻ കരുതുന്നുള്ളൂ. കൃഷിക്കു് ആവശ്യമായ കമ്പോസിറ്റു് വളമോ, മറ്റേതെ ങ്കിലും വളമോ ഉണ്ടാക്കികൊടുക്കേണ്ടതു് നിങ്ങളുടെ ചുമതലയാണു്. ഏറ്റവും നല്ല വള മായ പച്ചിലവളം കൊച്ചിരാജ്യത്തിൽ മുമ്പ കാലത്തു് ധാരാളം ഉണ്ടായിരുന്നു. കൊച്ചിഗ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Kumaran Ezhuthassan]

വമ്മെണ്ടു് അത്ഥത്തുനൃമായവിധത്തിൽ കാട്ട വെട്ടി തെളിയിപ്പിച്ചു. യുദ്ധത്തിന്റെ ആവശ്യത്തിനെന്നുംപറഞ്ഞു് ചില സർട്ടിഫിക്കറുകൾ കിട്ടാൻവേണ്ടി, യാതൊരു വിലയുമില്ലാത്ത റാവുസാഹിബു് സ്ഥാനമോ, റാവുബഹദൂർ സ്ഥാനമോ വാങ്ങിക്കുന്നതിനുവേണ്ടിമാത്രം നമ്മുടെ കാട്ടുകളൊക്കെ വെട്ടിക്കളഞ്ഞതുമൂലം പച്ചവെള്ളവുംകൂടി കിട്ടാതായി. പാഡി കൾട്ടിവേഷൻ എങ്ങിനെയാണു് കൊണ്ടുപോകേണ്ടതെന്നു് മുള ചെലുത്തി ആലോചിക്കേണ്ടതാണു്. സർ, ഈ മോഡൽ ഇറിഗേഷൻ സ്കീം എന്നുള്ളതിനെപ്പറ്റി ആക്ഷേപം പറയുകയല്ല. അതുകൊണ്ടു മാത്രമായിട്ടില്ല. ഇറിഗേഷൻ സ്കീം കൊണ്ടു് തലപ്പിള്ളി താലൂക്കുകളിൽ ചില ഭാഗത്തു തരക്കേടില്ലെന്നുള്ളതല്ലാതെ മറുഭാഗങ്ങളിൽ മുഴവനും അതുകൊണ്ടു പ്രയോജനപ്പെട്ടിട്ടില്ല. ചില ഭാഗങ്ങളിൽ സ്ഥിരമായ ബണ്ടുകൾ ഏർപ്പെടുത്തി വെള്ളം കെട്ടിനിറുത്തുകയാണെങ്കിൽ വളരെ അധികം ഏക്രേജു് സ്ഥലങ്ങളിലുള്ള കൃഷികളിൽ വെള്ളം കിട്ടുന്നതാണു്. ഈ കാര്യത്തിൽ ഫുഡ് മിനിസ്റ്റർ ഉറക്കവും ഊണും ഇല്ലാതെ പരിശ്രമിക്കുന്നുണ്ടെന്നു് എനിക്കറിയാം, പക്ഷെ, അതു് പ്രായോഗികമായ നിലയിലെത്തിക്കണമെങ്കിൽ തല്ക്കാലം ബുദ്ധിമുട്ടിയതുകൊണ്ടുമാത്രം കാര്യമാവുകയില്ല.

വിതരണം ശരിയാകണമെന്നുണ്ടെങ്കിൽ വലിയ സ്ഥാനങ്ങളിൽനിന്നു്, യാതൊരു വിധത്തിലുള്ള ബന്ധവും നോക്കാതെ, ഉശിരും ചുണയോടും കൂടി പ്രവൃത്തിക്കണം. കടിലും കൊട്ടാരവുംതമ്മിൽ യാതൊരു വ്യത്യാസവുമില്ലാതെ വിതരണം നടത്തണം. നമ്മുടെ മഹാനുഭാവനായ മിടുക്കൻ തമ്പുരാൻ റേഷൻ വാങ്ങി ഊണുകഴിച്ചിട്ടുണ്ടെന്നു് എനിക്കറിയാം. അതു് അദ്ദേഹത്തിന്റെ തിരുമുഖത്തിൽനിന്നും ഞാൻ മനസ്സിലാക്കീട്ടുണ്ടു്. അതുകൊണ്ടു് കടിലും, കൊട്ടാരവും തമ്മിൽ ഭേദം കാണിക്കാതെ ധൈര്യത്തോടുകൂടി റേഷൻ നടത്തുകയാണെങ്കിൽ, ഇന്നത്തെ പരിതസ്ഥിതിയെ തെല്ലെങ്കിലും തരണംചെയ്യുവാൻ സാധിക്കുന്നതാണു്. അതു് മഹാനുഭാവനായ തിരുമേനി സമ്മതിക്കുമെന്നുള്ളതിൽ സംശയമില്ല. ഇതുയും കാര്യങ്ങൾ പറയുവാൻ സമയം അനുവദിച്ചതിനു് നന്ദി പറഞ്ഞുകൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

*മിസ്റ്റർ പി. നാരായണമേനോൻ: സർ, ഭക്ഷണത്തിന്റെ കാര്യം വളരെ വിഷമസ്ഥിതിയിലാണെന്നു് നമ്മൾക്കെല്ലാവർക്കും അറിയാം. കപ്പലുകൾ വന്നുകഴിഞ്ഞാൽ ഇന്നത്തെ സ്ഥിതിഗതികളിൽ കുറച്ചു ഭേദം ഉണ്ടാകുമെന്നു് ആശ്വസിക്കാം. എന്നാൽ കപ്പലുകൾ വന്നാൽതന്നെയും സ്ഥിതിഗതികൾക്കു് യാതൊരു മാറ്റവും സംഭവിക്കാത്ത ഒരു വിഷമഘട്ടത്തിലേക്കാണു് രാജ്യം പോയിക്കൊണ്ടിരിക്കുന്നതു്. മകരപ്പൂ നശിച്ചുപോവുകയാണെങ്കിൽ ഈ രാജ്യത്തിൽ സംഭവിക്കുവാൻ പോകുന്ന വിഷമത, അതിന്റെ കാഠിന്യം എത്രത്തോളം ഉണ്ടെന്നു് ഊഹിക്കുവാൻപോലും സാദ്ധ്യമല്ല. ഭക്ഷണസാധനങ്ങൾ അന്യരാജ്യങ്ങളിൽനിന്നു കൊണ്ടുവന്നാൽതന്നെയും, അതു വാങ്ങിക്കുവാൻ ഈ രാജ്യത്തിലെ കാഷ്ടികതൊഴിലാളികൾക്കു സാദ്ധ്യമല്ലെന്നുള്ള ഒരു ഘട്ടത്തിലേക്കാണു് ഏത്താൻ പോകുന്നതു്. കാരണം, കാഷ്ടികതൊഴിലാളികളുടെ സമ്പത്സമവുമായിട്ടുള്ളതു് അവരുടെ വിളവാണു്. ആ വിളവാണു് നശിക്കുവാൻ പോകുന്നതു്. അതു് നശിച്ചുകഴിഞ്ഞാൽ, വരാനിരിക്കുന്ന അരിയും മറ്റു ഭക്ഷണസാധനങ്ങളും ഇവിടെ എത്തിച്ചേർന്നാൽതന്നെയും അവക്കു വിലകൊടുത്തു വാങ്ങിച്ചു് അനുഭവിക്കുവാൻ സാധിക്കുകയില്ലെന്നുള്ളതു തീർച്ചയാണു്. ഇങ്ങിനെയുള്ള ഒരു വിഷമഘട്ടത്തിലേക്കു് രാജ്യം നീങ്ങിക്കൊണ്ടിരിക്കുന്ന അവസരത്തിൽ നാം അതിനു കാരണമായ സ്ഥിതിഗതികളെപ്പറ്റി കുറംപറഞ്ഞും കലഹിച്ചും പരിതപിക്കുകയല്ല വേണ്ടതു്. നേരെമറിച്ചു് സകല ആളുകളും സകലവിധത്തിലുമുള്ള അഭിപ്രായവ്യത്യാസങ്ങളെ വിസ്മരിച്ചു യോജിച്ചു് ഏകോദരസഹോദരന്മാരെപ്പോലെ പരസ്പരം സഹകരിച്ചും, സഹായിച്ചും, ഈ വിഷമഘട്ടത്തെ തരണംചെയ്യേണ്ടതിനാണു് ഉത്സാഹിക്കേണ്ടതെന്നു് എളുക്കിനേതാവു് അഭിപ്രായപ്പെട്ടതോടുകൂടി ഞാനും യോജിക്കുന്നു. നിശ്ചയമായിട്ടും ഈ വിഷമഘട്ടത്തെ തരണംചെയ്യണമെന്നുണ്ടെങ്കിൽ, മനുഷ്യത്വത്തോടുകൂടി, പൌരബോധത്തോടുകൂടി, അർപ്പണത്തോടുകൂടി നിങ്ങളോരോരുത്തരും പ്രവൃത്തിക്കുവാൻ തയ്യാറാകണം എന്നുള്ളതാണു് എന്റെ അഭിപ്രായം. ഇതിനു നേതൃത്വം തരാനുള്ളതു് വിദ്യാഭ്യാസ മന്ത്രിയാണു്. കുറച്ചുമുമ്പു് ആരോ പറഞ്ഞുകേട്ടു, കളിയായിട്ടാണെന്നാണു് തോന്നുന്നതു്, പുരുഷന്മാരെല്ലാം ധീരന്മാരാണു് ശക്തന്മാരാണു് എന്നൊക്കെ അതു ഒരുപക്ഷെ കളിയായിരിക്കും. എന്നാൽ അവക്കു് ഈ വക ഗുണങ്ങളൊക്കെയുണ്ടെങ്കിലും

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

മനുഷ്യസാധാരണമായ ദൌർബല്യവും, മറ്റ ബലഹീനതകളും അവരേയും ബാധിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. പക്ഷെ, വിദേശവിദ്യാഭ്യാസമന്ത്രിയെപ്പറ്റി രണ്ടു കാര്യങ്ങൾ തീർത്തുമാനമായിട്ടുണ്ട്. അതിൽ ഒന്നു അദ്ദേഹം രാജിവെക്കുകയില്ലായെന്നുള്ളതാണ്. അതിനുള്ള കാരണം രാജിവെക്കും, രാജിവെക്കും എന്നു എപ്പോഴും പറഞ്ഞുകൊണ്ടിരിക്കും. അങ്ങിനെ പറഞ്ഞുകൊണ്ടിരിക്കുന്ന ഒരാൾ ആത്മഹത്യ ചെയ്യുമെന്നു പറയുന്ന ഒരാളെപ്പോലെ, എന്നാൽ എത്ര കാലത്തോളം ആത്മഹത്യ ചെയ്യാതിരിക്കുമോ, അത്രയും കാലം രാജി വെക്കുകയില്ലെന്നുള്ളത് പരിപൂർണ്ണമായിട്ട വിശ്വസിക്കാം. എന്നാൽ രാജി വെക്കുകയില്ലെന്നു പറയുന്ന ആളുകൾ ആരോടും ചോദിക്കാതെ ചിലപ്പോൾ രാജിവെച്ചുവെന്നും വരാം. അങ്ങിനെ രാജിവെക്കുന്നതായിട്ടും നമ്മൾ കാണുന്നുണ്ട്. ഇനി വേറെയൊന്നു ഈ വിഷമസ്ഥിതിയിൽ അദ്ദേഹം മനഃപൂർവ്വം വ്യസനിക്കുന്നുണ്ടെന്നുള്ളതാണ്. അതു എനിക്കു വിശ്വസിക്കുവാൻ സാധിച്ചതു ഇതിനു മുമ്പൊരു വിഷമഘട്ടം വന്നപ്പോൾ, അതായതു റേഷൻ നാലൌൺസ്സായിട്ട കുറക്കേണ്ടിവന്നപ്പോൾ, ആ കല്പന അദ്ദേഹം എഴുതിയതു കലങ്ങിയ കണ്ണുനീർകൊണ്ടാണെന്നു പ്രസ്താവിച്ചിട്ടുള്ളതായി ഞാൻ പേപ്പറിൽ കാണുകയുണ്ടായി. അത്രയധികം അദ്ദേഹം വ്യസനിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ രാജിവെക്കുമെന്നു പറയുന്ന ആളും, ആത്മഹത്യ ചെയ്യുമെന്നു പറയുന്ന ആളും ഒരിക്കലും ആത്മഹത്യ ചെയ്യാത്തതുപോലെയാണ്. ഇതു പരമാർത്ഥമാണെങ്കിൽ യഥാർത്ഥത്തിൽ വ്യസനിക്കുന്ന ആളും വ്യസനിക്കുന്നുവെന്നു പറയുകയില്ല. ഇവർ കഠിനമായിട്ട വ്യസനിക്കുന്നുണ്ടെന്നു പറഞ്ഞതിൽ നിന്നും വ്യസനിക്കുന്നില്ലെന്നുവേണം പറയുവാൻ. എന്നുമാത്രമല്ല അങ്ങിനെ വ്യസനിക്കുകയാണെങ്കിൽ ആ വ്യസനം എങ്ങോട്ടാണു പോകുന്നതെന്നു എനിക്കു അറിഞ്ഞാൽ കൊള്ളാമെന്നുണ്ട്. ഇങ്ങിനെ രണ്ടു ഗുണങ്ങളുണ്ടെന്നു ഞാൻ വെറുതെ വ്യാഖ്യാനിക്കുകയല്ല. അങ്ങിനെയുള്ള നേതൃത്വം നമുക്കു സിദ്ധിച്ചിട്ടുണ്ട്. ആ നേതൃത്വത്തിന്റെ കീഴിൽ അച്ചടക്കത്തോടുകൂടി പ്രവൃത്തിക്കുവാൻ നമുക്കു സാധിക്കുകയാണെന്നുണ്ടെങ്കിൽ ഈ വിഷമഘട്ടം നിഷ്പ്രയാസം തരണം ചെയ്യുവാൻ സാധിക്കും. ജലസേചനപദ്ധതികൾ, ഇൻറൻസിവു കൾട്ടിവേഷൻ, എക്സ്റ്റെൻസീവു കൾട്ടിവേഷൻ ഇതെല്ലാം നല്ലമാർഗ്ഗങ്ങളാണ്. പക്ഷേ ഈ മാർഗ്ഗങ്ങളിൽകൂടി ഇപ്പോൾ പോകയാണെന്നുണ്ടെങ്കിൽ അതിന്റെയൊക്കെ ഫലം കിട്ടുന്നതു ചുരുങ്ങിയതു ആറു മാസമെങ്കിലും കഴിഞ്ഞിട്ടാണ്. ഈ ആറു മാസത്തിന്നിടക്കാണ് നമുക്കു ഏറ്റവും ബുദ്ധിമുട്ടുള്ള ഘട്ടം വന്നുചേരുവാൻ പോകുന്നതു. അതുകൊണ്ടു ഈ ഒരു കൊല്ലത്തേക്കു ഇതെല്ലാം ആവശ്യമില്ലെന്നല്ല ഞാൻ പറയുന്നതു. ഇതെല്ലാം അത്യാവശ്യമാണ്. ഈ വക കാര്യത്തിൽ ആത്മാർത്ഥതയോടുകൂടി പ്രവേശിച്ചു ഇന്നു കൊടുക്കണമെന്നു പറഞ്ഞ ആ ലോൺ റേഷൻ ര ഔ. ആയി കുറക്കേണ്ട ഒരു ഘട്ടം വന്നപ്പോൾ കൊടുത്തു. ഈ പദ്ധതി നടപ്പിൽ വരുത്തിയിരുന്നുവെങ്കിൽ ഈ വിഷമഘട്ടം തരണം ചെയ്യുന്നതിന്നും അതിന്റെ ഫലം കുറച്ചെങ്കിലും ഇപ്പോൾ അനുഭവിക്കുന്നതിന്നും സാധിക്കുമായിരുന്നു. ഈ ആറു മാസത്തോടുകൂടിയുണ്ടാകുവാൻ പോകുന്ന വിഷമഘട്ടം, കൃഷിക്കാർ മുഴുവൻ നിസ്സഹായന്മാരായിതീരുവാൻ പോകുന്ന ആ വിഷമഘട്ടം, തരണംചെയ്യുവാനുള്ള മാർഗ്ഗം എന്താണെന്നാണ് മന്നാമതായി ആലോചിക്കുവാനുള്ളതു. എന്റെ അഭിപ്രായത്തിൽ അതിന്നു ലോൺ തന്നെയാണു പരിഹാരമാർഗ്ഗം. കൃഷിക്കാരുടെ സ്വഭാവവും ഈ മകരപൂവാണ്. അവർ വളരെ കഷ്ടപ്പെട്ടിട്ടാണ് കൃഷിചെയ്തിട്ടുള്ളതു. അതുകൊണ്ടു ഭക്ഷണ സാധനങ്ങൾ ഉണ്ടെങ്കിൽ തന്നെ അതു വാങ്ങിക്കുവാൻ വിഷമമായിരിക്കും; അതിന്നു വലിയ വിലയായിരിക്കും. അപ്പോൾ ഒരു കൊല്ലം വിളവു കൊയ്യുകുന്നതുവരെ ഗവൺമെണ്ടു അവർക്ക് പലിശ കൂടാതെ കടം കൊടുക്കുകയായിരിക്കും നല്ലതു. ഇതിന്നു വലിയൊരു സംഖ്യ വേണ്ടിവരുമെന്നു ഞാൻ പരിപൂർണ്ണമായി വിശ്വസിക്കുന്നു. ഇതിന്നുള്ള സംഖ്യ ഗവൺമെണ്ടുണ്ടാക്കി അവർക്കു ലോൺ കൊടുക്കുന്നതായാൽ ഈ വിഷമഘട്ടം തരണം ചെയ്യാമെന്നാണ് ഞാൻ ഗവൺമെണ്ടിനെ അറിയിക്കുന്നതു. മിസ്റ്റർ പനമ്പിള്ളി ഗോവിന്ദമേനോൻ അവിടെയിരുന്ന സമയത്തു് എന്തെല്ലാമാണൊ പറഞ്ഞിട്ടുള്ളതു് അതുപോലെതന്നെയാണ് ഇപ്പോഴത്തെ മന്ത്രിയും ആ സ്ഥാനത്തിരുന്നുകൊണ്ടു് പറയുന്നതു് എന്നു് അടിയന്തിര പ്രമേയം അവതരിപ്പിച്ച ബഹുമാനപ്പെട്ട അംഗം പ്രസ്താവിക്കുകയുണ്ടായി. അതു് വലിയൊരു ഗൌരവമുള്ളതായി എനിക്കു തോന്നുന്നില്ല. അതു് ആ സ്ഥാനത്തിന്റെ തെറ്റാണു്. ആ സ്ഥാനം എതാണ്ടു വിക്രമാദിത്യന്റെ സിംഹാസനം പോലെയാണ്. അവിടെ ആരു ചെന്നാലും ആ ചെറിയ ശബ്ദംതന്നേ പുറപ്പെടുകയുള്ളു. ആ സ്ഥാനത്തു നിന്നു മറ്റേ സ്ഥാനത്തേക്കു ചെന്നപ്പോൾ ബീർബായെപോലെയുള്ള കോടി

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Narayana Menon]
ശ്രമന്മാരും, മില്ലുടമസ്ഥന്മാരും, വലിയ പ്ലാന്റേഷൻമുതലാളിമാരും, കൺട്രാക്ടർമാരും ആയ ആളുകളാണെങ്കിലും അവരെല്ലാം തൊഴിലാളിപക്ഷപാതികളായിരിക്കുന്നു. അവിടെയിരിക്കുന്ന സമയത്തു അവർ മുഴുവൻ മുതലാളി താല്പര്യക്കാരായിരുന്നു. ആരു് ആ സ്ഥാനത്തു വന്നാലും അവർ മുതലാളി താല്പര്യക്കാരാകും. മറുഭാഗത്തു വരുമ്പോൾ തൊഴിലാളി താല്പര്യക്കാരാകും. അതുകൊണ്ടു് എന്തഭിപ്രായം പറഞ്ഞാലും തരക്കേടില്ല. ഗൌരവമായിട്ടു കണക്കാക്കുവാനുള്ളതു് ഈ രാജ്യത്തിന്റെ വിഷമാവസ്ഥയാണു്. ഈ വിഷമാവസ്ഥയെ തരണം ചെയ്യുന്നതിനു എതിർകക്ഷി നേതാവു പറഞ്ഞതുപോലെ എല്ലാവരും ഏകോപിച്ചു സഹകരിച്ചു പ്രവൃത്തിക്കുക എന്നുള്ളതാണു് ആവശ്യം. അതിനു ഗവൺമെണ്ടിന്റെ പിന്തുണയുണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നു.

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: സർ, എനിക്കുകൂടി രണ്ടു വാക്കു പറഞ്ഞാൽ കൊള്ളാമെന്നുണ്ടു്.

Mr President: It appears that Goverment also wants to say something.

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: ഒരു സെക്കൻറു സമയംമാത്രം കിട്ടിയാൽമതി. ഭക്ഷണപ്രശ്നമാണു് ഇവിടെ വാഭ്രപ്രതിവാദ വിഷയമായിരിക്കുന്നതു്. ഇതിനെപ്പറ്റി ഒരു വാക്കു എനിക്കു പറയുവാനുണ്ടു്. അരിക്ഷാമത്തെപ്പറ്റിയും മറ്റുമുള്ള സംഗതികളെക്കുറിച്ചു് അതു് എതു വിധത്തിൽ കൊച്ചീരാജ്യത്തിൽ കൂടുതൽ ഉണ്ടാക്കുവാൻ സാധിക്കും എന്നുള്ളതിനെപ്പറ്റിയും മറ്റും ബഹുമാനപ്പെട്ട പല മെമ്പർമാരും പ്രതിപക്ഷ നേതാവും ഇവിടെ പറഞ്ഞുകഴിഞ്ഞു. കൊള്ളികൃഷിയുടെ കാര്യവും ഇവിടെ പറഞ്ഞുകഴിഞ്ഞു. ഞാൻ പറയുന്നതു് നമ്മുടെ കടലിലും പുഴകളിലും ധാരാളമായി ഉണ്ടായികൊണ്ടിരിക്കുന്ന ഭക്ഷണസാധനത്തെപ്പറ്റിയാണു്. മത്സ്യം മിക്കവാറും എല്ലാവരുടേയും ഒരു ഭക്ഷണ സാധനമാണു്. കൂടുതൽ മത്സ്യം പിടിക്കുന്നതിനു അതു പ്രവൃത്തിച്ചുകൊണ്ടിരിക്കുന്നവരെ ഗവൺമെണ്ടു് കൂടുതൽ പ്രോത്സാഹിപ്പിക്കണം. അവർക്കു് അതിനുള്ള ഉപകരണങ്ങളും ഗവൺമെണ്ടു് ഉണ്ടാക്കികൊടുക്കണം. വലയില്ലാത്തവർക്കു വലയുണ്ടാക്കി കൊടുക്കണം. ഇങ്ങിനെ അവർക്കു വേണ്ടതൊക്കെ പ്രോത്സാഹനം ചെയ്തു കൊടുക്കുന്നതായാൽ ധാരാളം മത്സ്യം പിടിക്കുവാനും അങ്ങിനെ ഭക്ഷണസാധനങ്ങളും വല്പിച്ചുണ്ടാക്കുവാനും സാധിക്കും. മത്സ്യം ഉപയോഗിക്കാത്തവരുമുണ്ടായിരിക്കും. എന്നാൽ രാജ്യത്തു് അധികം ആളുകളും മത്സ്യം ഭക്ഷിക്കുന്നവരാണു്. ഈ കാര്യത്തിൽ ഗവൺമെണ്ടിന്റെ ഉത്സാഹം പോര. ഗവൺമെണ്ടു് deep sea fishing ചെയ്യുന്നുണ്ടു്, Island fishing നടത്തുന്നുണ്ടു് എന്നൊക്കെ പറയുന്നുണ്ടു്. എങ്കിലും ആവക കാര്യങ്ങളിൽ ഉത്സാഹം പോരായെന്നാണു് ഞാൻ പറയുന്നതു്. ഇവിടത്തെ ജലാശയങ്ങളിൽ നിന്നു വളരെ അധികം മത്സ്യം പിടിക്കുവാൻ സാധിക്കും. അതിനു ആ പ്രവൃത്തിയെടുക്കുന്നവരെ വലയും മറ്റുപകരണങ്ങളും ഉണ്ടാക്കികൊടുത്തു പ്രോത്സാഹിപ്പിക്കണമെന്നുമാത്രമാണു് എനിക്കു പറയുവാനുള്ളതു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: സർ, ഭക്ഷണവിതരണസമ്പ്രദായത്തിൽ മറ്റു രാജ്യങ്ങളെ അപേക്ഷിച്ചു് പിന്നണിയിലാണു കൊച്ചീരാജ്യം എന്നു പറയുമ്പോൾ ഇന്നു നിലവിലുള്ള ഗവൺമെണ്ടിനെ അധിക്ഷേപിക്കുകയാണെന്നു് ഒരിക്കലും തെറ്റിദ്ധരിക്കരുതു്. അരി ര ഔൺസാക്കി ചുരുക്കാനുള്ള യാതൊരു പരിതഃസ്ഥിതിയും ഇന്നിവിടെ ഇല്ല. മറ്റു പ്രദേശങ്ങളിൽനിന്നു അരിയോ നെല്ലോ കിട്ടുമെന്നു പ്രതീക്ഷിച്ചിരിക്കുന്ന നമ്മളുടെ രാജ്യത്തിൽതന്നെ വളരെയധികം നെല്ലുകൃഷി ജന്മികളുടെയും ദേവസ്വത്തിന്റെയും കൈവശമുണ്ടെന്നു അറിയേണ്ടതാണു്. ജന്മികളുടെ കൈവശമുള്ള നെല്ലിടത്തു കൃഷിക്കു ആനുകൂല്യം കൊടുക്കുക എന്നതു നമ്മുടെ ഗവൺമെണ്ടു് എടുത്തിട്ടുള്ള നയമാണു്. എന്നാൽ വാസ്തവത്തിൽ ഇന്നത്തെ വിതരണസമ്പ്രദായത്തിൽ കൃഷിക്കല്ല ആനുകൂല്യം കിട്ടുന്നതു്. അതു ജന്മികൃത്തിനോ അല്ലെങ്കിൽ ദേവസ്വങ്ങൃത്തിനോ അല്ലെങ്കിൽ അതുപോലെയുള്ള സ്ഥാപനങ്ങൃത്തിനോ, വ്യക്തികൃത്തിനോ ആണു്. ഉള്ള നെല്ലു മുഴുവൻ എവിടെനിന്നായാലും, അതെല്ലാം എടുത്തു ശേഖരിക്കുന്നപക്ഷം ഇന്നത്തേക്കാൾ കൂടുതൽ റേഷൻ കൊടുക്കുന്നതിനും, റേഷനിങ്ങിൽ ഒരു പുരോഗമനപദ്ധതി നടപ്പിലാക്കുവാനും കഴിയും. മിസ്റ്റർ പനമ്പിള്ളി ഗോവിന്ദമേനോൻ മന്ത്രി ആയിരുന്ന കാലത്തു് ദേവസ്വങ്ങളിൽനിന്നു ആദ്യമായി നെല്ലെടുക്കാൻ കഴിഞ്ഞു. അതിനുശേഷം ഇതുവരെ ദേവസ്വങ്ങളിൽനിന്നു കൂടുതൽ നെല്ലെടുക്കുന്നതിനോ, അതുപോലെ ജന്മികളിൽനിന്നു കൂടുതൽ നെല്ലെടുക്കുന്നതിനോ കഴിഞ്ഞിട്ടില്ല. അവിടങ്ങളിലുള്ള നെല്ലു മുഴുവൻ എടുക്കുന്നപക്ഷം റേഷൻ ര ഔൺസിൽനിന്നു വല്പിച്ചുണ്ടാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കും; സാധുക്കളെ ദാരിദ്ര്യത്തിൽനിന്നു രക്ഷിക്കുവാൻ സാധിക്കും. ഗവണ്മെണ്ടിൽ നിന്നു എത്ര ഗംഭീരമായ നിലയിൽ പമ്പുചെയ്ത വെള്ളം കൊടുത്താലും കൂട്ടികളെക്കൊണ്ടു നനപ്പിച്ചാലും ഈ തവണത്തെ കൃഷി നന്നാകാൻ വഴിയില്ല; നന്നാവുകയുമില്ല.

കൃഷി നന്നാകാത്തതുകൊണ്ടും വിളവുണക്കുമൂലവും കൃഷിപ്പിഴവുകൊണ്ടുള്ള കഷ്ടത അധികവും വെറുമ്പാട്ടക്കുടിയാന്മാർക്കാണു് അനുഭവിക്കേണ്ടിവരിക. കൃഷിപ്പിഴവുകൊണ്ടു ജന്മിക്കു പാട്ടം കൊടുക്കാൻ കഴിയാത്തതുകൊണ്ടു് ആ കാരണം പറഞ്ഞു് ഇന്നത്തെ നിലവിലുള്ള നിയമപ്രകാരം കുടിയാനെ ഒഴിപ്പിക്കുന്നതിനു ജന്മികൾ കേസുകൊടുക്കുവാൻ തയ്യാറെടുത്തു നില്ക്കുകയാണു്. കൃഷി ഇന്നു പല സ്ഥലങ്ങളിലും ഉണങ്ങിപ്പോയിട്ടുണ്ടെന്നു കൃഷിക്കാരിൽനിന്നു പരാതികൾ ഗവണ്മെണ്ടിലേക്കു് കിട്ടുന്നുണ്ടെന്നു് ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെയറിയാം. അദ്ദേഹം പല സ്ഥലങ്ങളും നേരിട്ടു പോയി സന്ദർശിക്കുകയുണ്ടായിട്ടുണ്ടു്. അങ്ങിനെയിരിക്കെ വെറുമ്പാട്ടക്കുടിയാന്മാരെ ഈതവണത്തെ പാട്ടത്തിൽനിന്നെങ്കിലും ഒഴിവാക്കേണ്ടതാണു്. വിളവു് ഉണങ്ങിപ്പോയിരിക്കുന്ന ഈയവസരത്തിൽ കുടിയാനു പാട്ടം കൊടുക്കാൻ നിവൃത്തിയില്ലെന്നു ഗവണ്മെണ്ടിനു് ബോദ്ധ്യമായിട്ടുണ്ടു്. അതുകൊണ്ടു് ഗവണ്മെണ്ടു് ജന്മികൾപാട്ടം കൊടുക്കുന്നതിൽനിന്നു ഈതവണ കുടിയാനെ ഒഴിവാക്കേണ്ടതാണു്.

അതുപോലെ നെല്ലെടുപ്പു് ഒന്നു കൂടിഉത്തേജിതപ്പെടുത്തുകയാണെങ്കിൽ റേഷൻ കൂടുതൽ കൊടുക്കാൻ കഴിയും. ഇന്നു ഞാനും മിസ്റ്റർ കണ്ണനുംകൂടി എട്ടു ഹോട്ടലുകളിൽ പോയിട്ടും ഞങ്ങൾക്കു ചോറു കിട്ടിയില്ല. ഇതിൽനിന്നു ജനങ്ങൾ എത്രമാത്രം കഷ്ടപ്പെടുന്നുണ്ടെന്നു മനസ്സിലാക്കാൻ കഴിയും. അതുകൊണ്ടു് ഇന്നു രാജ്യത്തുണ്ടാകുന്ന നെല്ലു് മുഴുവനും ഗവണ്മെണ്ടിൽനിന്നു നേരിട്ടെടുക്കുകയും എല്ലാവർക്കും ഒരേതരത്തിൽ റേഷൻ നിശ്ചയിക്കുകയും ചെയ്താൽ ഇന്നത്തെ വിഷമനിലയെ കുറെ ഭേദപ്പെടുത്താൻ കഴിയുമെന്നും, വെറുമ്പാട്ടക്കുടിയാന്റെ ഇത്തവണത്തെ പാട്ടം ഇളവുചെയ്തുകൊടുക്കണമെന്നും പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

***Mr. K. Balakrishna Menon** *(Minister for Food and Education)*: I am obliged to my friend, Mr. Dewer for the opportunity given me to explain the attitude of Government. I am obliged for the co-operation that has been extended to me by the Leader of the opposition.

Sir, it is a tragedy that in an important subject like this wittingly or unwittingly you have allowed personal reflections to come in and having come I find it difficult to refrain myself from giving an answer. It is true, Sir, that I made a statement while I was on that side, not without any sense of responsibility as is now sought to be made out by the leader of the opposition but fully knowing the consequences. I addressed it to the ex-Prime Minister. I spoke out my mind only with perhaps in an exaggerated sense of the tragedy that was looming large in the country. For the last few years, we have been giving by way of subsidy 72 lakhs of rupees and yet no permanent steps have been taken for the purpose of improving agriculture. It is the magnitude of the tragedy, that failure on the part of the Government, that provoked me to commit myself to that statement that if you cannot do it, please hand over charge to somebody else and if nobody else is willing to take it up, I shall take it up. I confess, Sir. I said it not with any spirit of bravado, but it was only to place my services at the hands of the Government, in the hands of the State. No pretentions had I then, nor have I any, now that I am better than yourself. In all humility I say, I have not got your advantages, your capacity, but I have in me the sincerity of purpose. Whatever I am capable of, I would place at your hands, in the hands of the State for the good of the common man. Only that, I regret very much the insinuating tone which has been adopted by Mr. Dewer. I am not surprised, Sir, because it is this sort of thing that throws dirt over the enthusiasm of public workers. He has been saying that there has been no malady. But I find that those places where I have gone with the Prime Minister want solace and whatever possible had been given them in the matter of putting a machine or something else. You could have come and seen what malady was there. You, Sir, had been speaking of co-operation, responsive co-operation or some other co-operation. You had been saying that in this moment of national crisis every party differences should be sunk and like one man the whole State should co-operate and canalise the resources of the State. I ask, Sir, which political party or organisation has come forward for that purpose.

Mr. P. Govinda Menon *(Ernakulam)*: What is the sort of co-operation you want, Sir?

Mr. K. Balakrishna Menon *(Minister for Food and Education)*: It is for the future, Sir.

Mr. P. Govinda Menon *(Ernakulam)*: What is the sort of the co-operation that the Hon'ble Minister wants? Will you give me the information. Give it if you have.

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. Balakrishna Menon (*Minister for Food and Education*) : Now the co-operation that is proposed to be extended to me is not necessary for the ryots when their crops are being ruined. You had been proclaiming that you are living for the people of Cochin. I do maintain that the only sort of co-operation that people like you had been extending so far is this sort of insinuation that they had been taking buckets and pots carrying water to give it to the poor ryots.

Mr. P. Govinda Menon (*Ernakulam*): Do you want that political parties should do it?

Mr. K. Balakrishna Menon (*Minister for Food and Education*): Sir, I submit that this sort of co-operation won't do. Better save us from this. I do not look up for it; now I do want every member of this House inside and outside that once again, if you are not going to sink your differences in this matter, woe the day when wisdom will dawn upon you. It is only that wisdom that provokes me to go to the ryots, to go without means to spend sleepless nights and trying to do my level best that which is humanly possible. I was doing it with a sincerity of purpose. I have done what is possible. As I said, give me a period of trial. If you find me today not wanting, romove me. My friend Mr. Govinda Menon was saying that nobody is going to be sorry by tendering my resignation, I doubt—not my wife and children and those who are interested in me—but there are others who feel sorry for that.

Mr. P. Govinda Menon (*Ernakulam*): Fool's paradise!

Mr. K. Balakrishna Menon (*Minister for Food and Education*): I say that if it is your idea to catch thepublic by such methods, you are thoroughly mistaken. The people of Cochin have some sense. I can also address them perhaps with the same vehemence as you do.

Mr. President : I wonder, what this has to do with the food question?

Mr. P. K. Dewer (*Nominated*): You are eating your own.....

Mr. President : Order, order.

Mr. K. Balakrishna Menon (*Minister for Food and Education*): I too hold the same opinion when I was listening to the speeches of the Hon'ble members. Now coming to the fact here, I say, that in fact we have already planted 70 pumps. I only wish to pay a glowing tribute to those students and teachers and other officers who had been untiringly engaged in the work.

Mr. P. K. Dewer (*Nominated*) : Who have said against the teachers?

Mr. K. Balakrishna Menon (*Minister for Food and Education*): My Hon'ble friend had been saying of "cherattakayil", etc., I feel I have to pay my tribute to those teachers and to those policemen who were day in and day out pumping out water. I wish to bring these points to the notice of the House. I will remember, Sir, all the suggestions offered by this House and in whatever way it is possible for the Government to put further energy in the field, that will be done. I don't want any approbation or disapprobation from anybody. There is only one supreme judge and that is conscience.

Mr. President : Order, the House stands adjourned.

The House adjourned at 5-30 p.m.

N. I. OUSEPH

Secretary

LIBRARY ARCHIVES Kerala Legislative Assembly